"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിതരണം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.34/2024/SPD    തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:- 1. 08.12.2021 ലെ സ.ഉ.(സാധാ) നം.37/2021/എസ്.പി.ഡി

2. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) എം.ഡി യുടെ 17.05.2023 ലെ എം.ഡി.06/012/23 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) ൽ നിന്ന് ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്ന വിവിധയിനം ഡീസൽ ജനറേറ്റർ സെറ്റുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ രണ്ടു വർഷത്തേയ്ക്ക് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 20.06.2023 ന് അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഇളവ് കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) നിർമ്മിക്കുന്ന വിവിധതരം ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു വിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിതരണം ചെയ്യുന്നതിന് 21.06.2023 മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ഇളവിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ്, സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 17.1 (vi) പ്രകാരം ടെൻഡർ കൂടാതെ വിപണനം ചെയ്യേണ്ട ഡീസൽ ജനറേറ്റർ സെറ്റുകളുടെ വില നിശ്ചയിക്കുന്നതിനുള്ള സത്വര നടപടികൾ M/s.കേരള ഇലക്ട്രിക്കൽ

& അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RABINDRA KUMAR AGARWAL
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്-

മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL), മാമല (പി.ഒ), തിരുവാങ്കുളം, കൊച്ചി, എറണാകുളം-682 305.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (e-Office മുഖാന്തിരം).

എല്ലാ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.

(സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ ചേർക്കുന്നതിന്)

വ്യവസായ വകുപ്പ് ((IND-D1/152/2023-IND ഫയൽ പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ